# വെള്ളപ്പൊക്ക വേളയിലെ വൈദ്യുതി സുരക്ഷ

**Energy Safe Victoria**

Fact sheet ഫാക്റ്റ് ഷീറ്റ് Malayalam

വെള്ളപ്പൊക്കത്താൽ ബാധിക്കപ്പെട്ട ആളുകൾക്ക് Energy Safe Victoria ഇനിപ്പറയുന്ന പാചകവാതകവും വൈദ്യുതിയും ആയി ബന്ധപ്പെട്ട സുരക്ഷാ വിവരങ്ങൾ നൽകുന്നു:

## ആളുകളെ ഒഴിപ്പിക്കുന്നതിന് മുമ്പ്

വൈദ്യുതി പുനഃസ്ഥാപിച്ചാൽ തീപിടിത്തം ഉണ്ടാകാനും പ്രോപ്പർട്ടിയിൽ ആരുമില്ലാതിരിക്കാനും സാധ്യതയുയുള്ളതിനാൽ, എല്ലാ ഇലക്ട്രിക്കൽ, ഗ്യാസ്-പവർ ഹീറ്റിംഗ്, പാചക ഉപകരണങ്ങളും ഓഫാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കുക.

### വൈദ്യുതി

- മെയിൻ സ്വിച്ച് ഉൾപ്പെടെ പ്രധാന ഇലക്ട്രിക്കൽ സ്വിച്ച്ബോർഡിലെ എല്ലാ സ്വിച്ചുകളും ഓഫാക്കുക.
- നിങ്ങളുടെ എല്ലാ വീട്ടുപകരണങ്ങളും പ്ലഗിൽ നിന്ന് ഊരുക, നിങ്ങൾക്ക് കഴിയുമെങ്കിൽ അവ ഉയരത്തിൽ വയ്ക്കുക. അതുവഴി നിങ്ങളുടെ പ്രോപ്പർട്ടി വെള്ളത്തിനടിയിലായേക്കാവുന്ന വെള്ളപ്പൊക്കത്തിൽ നിന്ന് അവയെ പരിരക്ഷിക്കാൻ കഴിയും.

### സോളാർ

- ഇൻവെർട്ടറിൽ നിങ്ങളുടെ സോളാർ സിസ്റ്റം ഓഫാക്കുക, തുടർന്ന് സ്വിച്ച്ബോർഡിൽ ഓഫാക്കുക (സ്വിച്ച്ബോർഡിലെ എല്ലാ സ്വിച്ചുകളും ഓഫ് പൊസിഷനിൽ ആയിരിക്കണം). ഷട്ട് ഡൗൺ നടപടിക്രമങ്ങളെ കുറിച്ചുള്ള വിവരങ്ങൾ സോളാർ സിസ്റ്റത്തിനൊപ്പം നിങ്ങൾക്ക് ലഭിച്ചിരിക്കേണ്ടതാണ്.

### ബാറ്ററികൾ

- സോളാർ ബാറ്ററികൾ ഓഫാക്കുക. ബാറ്ററി സിസ്റ്റത്തിന് സമീപം എഴുതിവച്ചിരിക്കുന്ന ഷട്ട്ഡൗൺ നടപടിക്രമം പിന്തുടരുക.
- ബാറ്ററി ഡിസ്അസംബിൾ ചെയ്യാനോ പാനലുകളൊന്നും തുറക്കാനോ ശ്രമിക്കരുത്.

### ഗ്യാസ്

- നിങ്ങളുടെ ഗ്യാസ് മീറ്റർ കണ്ടെത്തി, ഗ്യാസ് സപ്ലൈ ഓഫാക്കണം. ഹാൻഡിൽ തിരശ്ചീനമായി വരത്തക്ക വിധത്തിൽ തിരിച്ച് ഗ്യാസ് സപ്ലൈ സർവീസ് വാൽവ് "ഓഫ്" സ്ഥാനത്തേക്ക് മാറ്റുകയും വേണം.

### LPG സിലിണ്ടറുകൾ

- ആളുകളെ ഒഴിപ്പിക്കുന്നതിന് മുമ്പ്, എല്ലാ LPG സിലിണ്ടറുകളും സിലിണ്ടറിന് മുകളിലുള്ള വാൽവിൽ അടച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുക (സിലിണ്ടർ വാൽവ് അടയ്ക്കുന്നതിന് ഘടികാരദിശയിലാണ് തിരിക്കേണ്ടത്). അപായത്തിൽ നിന്ന് ദൂരത്തേക്ക് LPG സിലിണ്ടർ മാറ്റി സ്ഥാപിക്കാത്ത സാഹചര്യത്തിൽ, ഒരു ഉപകരണവും വിച്ഛേദിക്കരുത്.
- ഇൻസ്റ്റാൾ ചെയ്തിരിക്കുന്ന അതേ സ്ഥാനത്ത് തന്നെ സിലിണ്ടറുകൾ വയ്ക്കുക. കെട്ടിടങ്ങൾ, ഷെഡുകൾ, നിലവറകൾ അല്ലെങ്കിൽ വാഹനങ്ങൾ എന്നിവയ്ക്കുള്ളിൽ ഏതെങ്കിലും LPG സിലിണ്ടറുകൾ നീക്കരുത്. കേടായ LPG സിലിണ്ടർ ചോരുകയും അപായമുണ്ടാക്കുകയും ചെയ്തേക്കാം.
- വെള്ളത്തിൽ LPG സിലിണ്ടറുകൾ പൊങ്ങിക്കിടക്കും, അതിനാൽ വെള്ളപ്പൊക്കം ഉണ്ടാവുമ്പോൾ അവ വെള്ളത്തിൽ പൊങ്ങിക്കിടക്കുകയും വെള്ളം ഒഴുകിയെത്തുന്ന ഇടത്തിൽ അപായം ഉണ്ടാക്കുകയും ചെയ്യും. എല്ലാ LPG സിലിണ്ടറുകളും കേബിളുകളോ ബലമുള്ള കയറുകളോ ഉപയോഗിച്ച് ഒരു നിശ്ചിത സ്ട്രക്ചറിൽ കെട്ടിവയ്ക്കുകയും അവയുടെ ചലനം പരിമിതപ്പെടുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. കേബിളുകളും കയറുകളും LPG പിഗ്ടെയിൽ കണക്ഷനിൽ നിന്ന് വിട്ടുനിൽക്കുന്ന തരത്തിലാകണം. കാരണം, അത് കോപ്പർ അല്ലെങ്കിൽ ഫ്ലെക്സിബിൾ പൈപ്പ് ആണ്.
- കേജുകളിൽ സൂക്ഷിക്കുന്ന LPG സിലിണ്ടറുകളുടെ കാര്യത്തിൽ, കേജ് ഗേറ്റുകൾ സുരക്ഷിതമായി പൂട്ടിയിട്ടുണ്ടെന്ന് ഉറപ്പാക്കിയാൽ മതിയാകും. ഒരു നിശ്ചിത സ്ട്രക്ചറിൽ കെട്ടിക്കൊണ്ട് കേജ് സുരക്ഷിതമാക്കുക. കേജുകളിലെ LPG സിലിണ്ടറുകൾ കൊടുങ്കാറ്റ് അടിച്ചാലും വളരെ സ്ഥിരതയുള്ളവയാണ്.

VICTORIA State Government

energysafe VICTORIA

# അടിയന്തര സാഹചര്യങ്ങളിൽ

- വൈദ്യുതി കണക്ഷൻ ഉള്ളപ്പോൾ വെള്ളപ്പൊക്കത്തിൽ മുങ്ങിയ വീട്ടിലോ കെട്ടിടത്തിലോ താമസിക്കരുത്.
- ഏതെങ്കിലും ലോഹത്തിൽ നിന്നോ പ്ലംബിംഗിൽ നിന്നോ നിങ്ങൾക്ക് ഷോക്കോ തരിപ്പോ അനുഭവപ്പെടുന്നുണ്ടെങ്കിൽ ഇലക്ട്രിക്കൽ ഉപകരണമോ സിങ്കോ ബാത്തോ ഉപയോഗിക്കരുത്. ഈ വീട്ടുപകരണങ്ങളിലോ വസ്തുക്കളിലോ സ്പർശിക്കുന്നതും അവ ഉപയോഗിക്കുന്നതും ഒഴിവാക്കുക, പ്രശ്നം റിപ്പോർട്ട് ചെയ്യാൻ നിങ്ങൾക്ക് കഴിയുന്നതും വേഗം നിങ്ങളുടെ വിതരണ കമ്പനിയുമായി ബന്ധപ്പെടുക.
- വാഹനത്തിന് കുറുകെ വൈദ്യുതി ലൈനുകൾ വീഴുകയാണെങ്കിൽ, നിങ്ങൾ ആസന്നമായ അപായത്തിനു മുന്നിൽ അല്ലാത്ത സാഹചര്യത്തിൽ, അവിടെത്തന്നെ നിങ്ങളുടെ വാഹനം ഉപേക്ഷിക്കരുത്. ഉള്ളിൽ തന്നെ ഇരിക്കുകയും സഹായത്തിനായി 000-ലേക്ക് വിളിക്കുകയും ചെയ്യുക.
- വെള്ളപ്പൊക്ക സമയത്ത് നിങ്ങൾ ബോട്ടിൽ യാത്ര ചെയ്യുകയാണെങ്കിൽ, നിങ്ങൾ പാതയിൽ കാണുന്ന ഏതെങ്കിലും പവർലൈനുകൾ ഉയർത്താനോ നീക്കാനോ ശ്രമിക്കരുത്. പവർലൈനുകൾക്ക് കീഴിലൂടെ സഞ്ചരിക്കാൻ ശ്രമിക്കരുത്, കാരണം ഉയരുന്ന വെള്ളം നിങ്ങളെ പവർലൈനുകളിലേക്ക് അടുപ്പിക്കും.
- വൈദ്യുത തൂണുകൾ, സബ്സ്റ്റേഷനുകൾ, വീണുകിടക്കുന്ന വൈദ്യുതി ലൈനുകൾ, അവയുമായി സമ്പർക്കം പുലർത്തുന്ന മറ്റേതെങ്കിലും വസ്തുക്കൾ എന്നിവയിൽ നിന്ന് നല്ല അകലം പാലിക്കുക. വെള്ളപ്പൊക്കത്തിൽ വൈദ്യുതി തൂണുകളും കമ്പികളും മുങ്ങിക്കിടക്കുകയാണെങ്കിൽ, കുറഞ്ഞത് 150 മീറ്റർ അകലെ നിൽക്കുകയും അക്കാര്യം അറിയിക്കാൻ നിങ്ങളുടെ വൈദ്യുതി വിതരണം ചെയ്യുന്ന കമ്പനിയെ വിളിക്കുകയും ചെയ്യുക.

# നിങ്ങളുടെ പ്രോപ്പർട്ടിയിലേക്ക് തിരികെ വരുമ്പോൾ

## വൈദ്യുതി

- പ്രോപ്പർട്ടിയിൽ വെള്ളം **കയറിയിട്ടില്ലാത്ത** സാഹചര്യത്തിൽ മാത്രം പ്രധാന ഇലക്ട്രിക്കൽ സ്വിച്ച്ബോർഡിൽ നിങ്ങളുടെ പവർ ഓണാക്കുക.
- നിങ്ങളുടെ പ്രോപ്പർട്ടിയിൽ വെള്ളം കയറിയിട്ടുണ്ടെങ്കിൽ, ലൈസൻസുള്ള ഇലക്ട്രീഷ്യൻ പ്രോപ്പർട്ടിയിലെ വയറിംഗ് പരിശോധിക്കുന്നത് വരെ പവർ വീണ്ടും **ഓണാക്കരുത്**.
- ഏതെങ്കിലും വീട്ടുപകരണങ്ങൾ വെള്ളത്തിന് അടിയിലായിട്ടുണ്ടെങ്കിൽ, ലൈസൻസുള്ള ഒരു ഇലക്ട്രീഷ്യൻ പരിശോധിക്കുന്നത് വരെ അവ പ്ലഗിൻ ചെയ്യുകയോ ഓണാക്കുകയോ ചെയ്യരുത്.
- പ്രോപ്പർട്ടിയിൽ വെള്ളം കയറിയിട്ടില്ലെങ്കിൽ, നിങ്ങൾക്ക് സ്വിച്ച്ബോർഡിലെ സ്വിച്ചുകൾ ഓണാക്കാവുന്നതാണ്.
  - ഏതെങ്കിലും സ്വിച്ചുകൾ ഓണാവാതിരിക്കുകയോ സ്വയമേവ ഓഫാവുകയോ ചെയ്യുന്നുവെങ്കിൽ, വയറിംഗ് ബാധിക്കപ്പെട്ടിരിക്കുന്നു എന്നാണ് ഇതിനർത്ഥം, ഈ സാഹചര്യത്തിൽ നിങ്ങളുടെ വയറിംഗും വീട്ടുപകരണങ്ങളും പരിശോധിക്കുന്നതിന് നിങ്ങൾ ഒരു യോഗ്യതയുള്ള ഇലക്ട്രീഷ്യനെ വിളിക്കണം.
  - നിങ്ങളുടെ വീട്ടുപകരണങ്ങൾ പ്ലഗിൻ ചെയ്ത് അവ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക.
- ഫ്യൂസുകൾ പോവുന്നതോ സർക്യൂട്ട് ബ്രേക്കറുകളോ സുരക്ഷാ സ്വിച്ചുകൾ ഓഫാകുന്നതോ പോലുള്ള വൈദ്യുതി വിതരണ പ്രശ്നങ്ങൾ തുടരുകയാണെങ്കിൽ, ലൈസൻസുള്ള ഇലക്ട്രീഷ്യനെ ബന്ധപ്പെടുക.
- നിങ്ങൾ ഒരു ജനറേറ്ററാണ് ഉപയോഗിക്കുന്നതെങ്കിൽ, അത് നിങ്ങളുടെ വീടിന്റെ വയറിംഗുമായി കണക്റ്റ് ചെയ്യാൻ ശ്രമിക്കരുത്. വീടിന് പുറത്ത് മാത്രമേ ജനറേറ്റർ ഉപയോഗിക്കാവൂ, ഈ ജനറേറ്ററിന് ഫ്രിഡ്ജ് അല്ലെങ്കിൽ ഫ്രീസർ പോലുള്ള വീട്ടുപകരണങ്ങളിലേക്ക് നേരിട്ട് വൈദ്യുതി എത്തിക്കുന്ന തരത്തിൽ എക്സ്റ്റൻഷൻ കോഡ് ഉണ്ടായിരിക്കണം. വീടിനുള്ളിൽ ഒരു ജനറേറ്റർ ഉപയോഗിക്കുന്നത് കാർബൺ മോണോക്സൈഡ് വിഷബാധയോ തീപിടുത്തമോ ഉൾപ്പെടെ നിരവധി സുരക്ഷാ അപകടങ്ങൾ സൃഷ്ടിക്കുന്നു.
- പവർലൈനുകൾ വീണുകിടക്കുന്ന സാഹചര്യത്തിൽ 8 മുതൽ 10 മീറ്റർ വരെ അകലെ നിൽക്കുക. വീണുകിടക്കുന്ന പവർലൈനുകൾക്ക് സമീപം നിൽക്കുകയാണെങ്കിൽ നിങ്ങൾക്ക് വൈദ്യുതാഘാതമുണ്ടാവാൻ സാധ്യതയുണ്ട്. വീണുകിടക്കുന്ന പവർലൈനുകൾ പൊട്ടിയിട്ടുണ്ടെങ്കിലോ കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിലോ പോലും അവയെ വൈദ്യുതിയുള്ള ലൈവ് ലൈനായി പരിഗണിക്കുക.

## ഒരു ഇലക്ട്രീഷ്യനെ ബന്ധപ്പെടുക

- നിങ്ങളുടെ പ്രദേശത്തെ ഇലക്ട്രീഷ്യനെ കണ്ടെത്താൻ ബന്ധപ്പെടുക:
  - നാഷണൽ ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് അസോസിയേഷൻ (NECA) - 1300 300 031
  - മാസ്റ്റർ ഇലക്ട്രീഷ്യൻസ് - 1300 889 198

## ഒരു ഗ്യാസ്ഫിറ്ററെ ബന്ധപ്പെടുക

- മാസ്റ്റർ പ്ലംബേഴ്സ് വെബ്സൈറ്റിലേക്ക് പോയി ഒരു പ്രാദേശിക ഗ്യാസ് ഫിറ്ററെ കണ്ടെത്താൻ നിങ്ങളുടെ തപാൽ കോഡ് നൽകുക: https://plumber.com.au/

## സോളാർ

- നിങ്ങളുടെ വീടിനെ വെള്ളപ്പൊക്കം ബാധിച്ചിട്ടുണ്ടെങ്കിൽ, മെയിനിലോ ഇൻവെർട്ടറിലോ സോളാർ ഓണാക്കരുത്. സോളാർ സിസ്റ്റത്തിലേക്കും ബാറ്ററിയിലേക്കും വീണ്ടും വൈദ്യുതി കടത്തിവിടുന്നതിന് മുമ്പ് ലൈസൻസുള്ള ഇലക്ട്രീഷ്യൻ അവ പരിശോധിക്കേണ്ടതാണ്.
- ലൈസൻസുള്ള ഒരു ഇലക്ട്രീഷ്യൻ പരിശോധിക്കുന്നത് വരെ നിങ്ങൾ ഒരു സോളാർ സിസ്റ്റത്തെ വൈദ്യുതിയുള്ള ലൈവ് ലൈനായി പരിഗണിക്കണം.
- നിങ്ങളുടെ സോളാർ പാനലുകൾക്ക് കേടുപാടുകൾ സംഭവിച്ചതായി തോന്നുകയാണെങ്കിൽ, വീട്ടിലെ വൈദ്യുതി ഓഫാക്കിയിട്ടുണ്ടെങ്കിൽ പോലും, എക്യുപ്മെന്റിന്റെയോ കേബിളുകളുടെയോ അടുത്തേക്ക് പോകരുത്. സിസ്റ്റത്തിൽ ഇപ്പോഴും വൈദ്യുതി ഉണ്ടായിരിക്കാം. ഇത് പരിശോധിച്ച് സുരക്ഷിതമാണെന്ന് ഉറപ്പാക്കാൻ ലൈസൻസുള്ള ഇലക്ട്രീഷ്യനെ വിളിക്കുക.

## ബാറ്ററികൾ

- വെള്ളപ്പൊക്കത്താൽ നിങ്ങളുടെ പ്രോപ്പർട്ടി ബാധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, നിങ്ങളുടെ ബാറ്ററി ഓണാക്കരുത്. നിങ്ങളുടെ ബാറ്ററി സിസ്റ്റം പരിശോധിക്കുന്നതിന് ലൈസൻസുള്ള ഇലക്ട്രീഷ്യനെ വിളിക്കുക.
- പരിശോധിക്കുന്നത് വരെ ബാറ്ററി സിസ്റ്റത്തെ വൈദ്യുതിയുള്ള ലൈവ് ലൈനായി പരിഗണിക്കണം.

## ഗ്യാസ്

- വെള്ളപ്പൊക്കത്താൽ നിങ്ങളുടെ വീട് ബാധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, ഗ്യാസ് സപ്ലൈ ഉടൻ വീണ്ടും ഓണാക്കുന്നതിന് ശ്രമിക്കരുത്. ഗ്യാസ് ലൈനിൽ വെള്ളം ഉണ്ടായിരിക്കാം, ലൈസൻസുള്ള ഒരു ഗ്യാസ്ഫിറ്റർ പരിശോധിക്കണം. അവർ ഫിറ്റിംഗ് ലൈൻ ശുദ്ധീകരിച്ച് ഗ്യാസ് ലൈൻ ശരിയാക്കേണ്ടതുണ്ട്. പൈലറ്റ് ലൈറ്റുകൾ കത്തിക്കുന്നതിനും അവർ സഹായിക്കും.
- നിങ്ങളുടെ ഗ്യാസ് ബില്ലിന്റെ മുകളിൽ വലതുവശത്ത് നിങ്ങളുടെ ഗ്യാസ് വിതരണക്കാരനെ ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ കാണാം.
- നിങ്ങളുടെ വൈദ്യുതിയും ഗ്യാസും പ്രവർത്തിക്കുന്നില്ലെങ്കിൽ, വീടിനുള്ളിൽ ചൂടാക്കുന്നതിനായി ഔട്ട്ഡോർ ഗ്യാസ് ഉപകരണങ്ങൾ **ഉപയോഗിക്കരുത്**. ഇത് സുരക്ഷിതമല്ലാത്തതിനാൽ കാർബൺ മോണോക്സൈഡ് വിഷബാധയുടെയും മറ്റ് ആരോഗ്യ അപായങ്ങളുടെയും അപകടസാധ്യത ഗണ്യമായി വർദ്ധിപ്പിക്കും. എല്ലാ ഗ്യാസ് ഉപകരണങ്ങൾക്കും പ്രവർത്തിക്കുന്നതിന് ശുദ്ധവായുവും കത്തലിൽ നിന്ന് ഉണ്ടാകുന്ന ഉൽപ്പന്നങ്ങൾ പുറത്തുപോകുന്നതിന് വെന്റിലേഷനും ആവശ്യമാണ്.

## LPG സിലിണ്ടറുകൾ

- എല്ലാ LPG ടാങ്കുകളും സിലിണ്ടറുകളും സുരക്ഷിതമാണെന്ന് ഉറപ്പാക്കുന്നതിനായി പരിശോധിക്കുക. വെള്ളപ്പൊക്കത്തിൽ നിന്ന് LPG ടാങ്കുകളോ സിലിണ്ടറുകളോ വീണ്ടെടുക്കുന്നതിന് **ശ്രമിക്കരുത്**.
- LPG-യുടെ മണം അനുഭവപ്പെടുന്നുവെങ്കിൽ ഉടൻ തന്നെ എമർജൻസി സർവീസുകളെ അറിയിക്കുക. നിങ്ങൾക്ക് ഗ്യാസ് മണം അനുഭവപ്പെടുന്നുവെങ്കിൽ:
  - ചോർച്ച സ്ഥിരീകരിക്കുകയും തടയുകയും പ്രദേശം സുരക്ഷിതമാക്കുകയും ചെയ്യുന്നത് വരെ ആളുകളെയും വളർത്തുമൃഗങ്ങളെയും ജ്വലന സ്രോതസുകളെയും (തീജ്വാലകൾ, തീപ്പൊരികൾ, പുകവലിക്കാർ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ) മാറ്റിനിർത്തുക.
- ഒരു ഗ്യാസ്ഫിറ്റർ മുഖേന ഗ്യാസ് ഇൻസ്റ്റലേഷൻ പരിശോധിക്കുന്നത് വരെ എല്ലാ ടാങ്കുകളും സിലിണ്ടർ വാൽവുകളും അടച്ച നിലയിൽ വിടുക. LPG റെഗുലേറ്ററിനോ പൈപ്പ് വർക്കുകൾക്കോ കേടുപാടുകൾ സംഭവിച്ചിട്ടുണ്ടാകാം, സിലിണ്ടർ വാൽവുകൾ തുറക്കുന്നത് അപായകരമായേക്കാം.
- ഒരു LPG സിലിണ്ടർ മറിഞ്ഞ് വീണിരിക്കുന്നു, എന്നാൽ നിങ്ങൾക്കത് സുരക്ഷിതമായി എത്തിപ്പിടിക്കാൻ കഴിയുന്ന സാഹചര്യത്തിലാണ് എങ്കിൽ സിലിണ്ടർ നേരെ വയ്ക്കുക, ഉപയോഗിക്കുന്നതിന് മുമ്പ് സിലിണ്ടറിനും വാൽവിനും എന്തെങ്കിലും കേട് സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുക. കേടായ സിലിണ്ടർ **ഉപയോഗിക്കരുത്**.